# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3876 | 12.12.2018-ൽ മറുപടിക്ക് |
| --- | --- |

### ട്രാഫിക് പോലീസുകാരുടെ ആരോഗ്യം

| ചോദ്യം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| --- | --- | --- | --- |
| (എ) | വായു മലിനികരണത്തിന്റെ ദൂഷ്യഫലം അനുഭവിക്കുന്ന ട്രാഫിക് പോലീസുകാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വായു മലിനീകരണത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് മാസ്ക് ഉൾപ്പെടെയുള്ള അവശ്യ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുള്ളതും കൂടുതൽ മാസ്കുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. പോലീസുകാരെ സ്ഥിരമായി ട്രാഫിക് ഡ്യൂട്ടിക്ക് വിനിയോഗിക്കാതെ വൈവിധ്യങ്ങളായ ഡ്യൂട്ടി അവർക്ക് മാറ്റി നൽകുന്ന സമ്പ്രദായം ഉണ്ട്. ട്രാഫിക് പോലീസുകാർക്ക് തുടർച്ചയായി ആറ് മണിക്കൂർ മാത്രമാണ് ഡ്യൂട്ടി നൽകി വരുന്നത്. ഇത് പോലീസിലെ മറ്റ് വിഭാഗങ്ങൾക്ക് നൽകി വരുന്ന സമയത്തെ അപേക്ഷിച്ച് വളരെ ചുരുങ്ങിയ സമയമാണ്. ഈ നടപടികളിലൂടെതന്നെ ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വായു മലിനീകരണത്തിൽ നിന്നുള്ള മതിയായ സംരക്ഷണം നൽകുന്നതിനുള്ള കാര്യങ്ങൾ പോലീസ് വകുപ്പ് ഇപ്പോൾ തന്നെ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അത്യാവശ്യ ഘട്ടത്തിൽ ഒഴികെ പ്രത്യേകിച്ച് വേനൽകാലത്ത് കൂടുതൽ ട്രാഫിക്ക് ലൈറ്റുകൾ സ്ഥാപിച്ച് അവയുടെ സഹായത്തോട്ടുകൂടി ഗതാഗതം ക്രമീകരിച്ച് ട്രാഫിക് ഉദ്യോഗസ്ഥർക്ക് ആശ്വാസം നല്കുമോയെന്നറിയിക്കുമോ? | (ബി) | ഗതാഗത തിരക്കേറിയ റോഡുകളിൽ സിഗ്നൽ ലൈറ്റുകൾ ആവശ്യമാണെങ്കിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടി റോഡ് സേഫ്റ്റി അതോറിറ്റിയും പോലീസ് വകുപ്പും സംയുക്തമായി ഇപ്പോൾ തന്നെ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ